## രണ്ടാം ഘട്ടം

പാഠം 19

അറബിപഠനത്തിന്റെ രണ്ടാം ഘട്ടമാണിത്. അക്ഷരങ്ങളെ കൂട്ടിയെഴുതുന്നതിനാണ് ഇതിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. കൂടുതൽ ശ്രദ്ധ ആവശ്യമായ ഭാഗമാണിത്.

**അഹദ്** എന്ന വാക്കാണ് നാം പഠിക്കുന്നത്. ഒന്ന് എന്നാണ് അഹദിന്റെ അർഥം. അറബി വാക്കുകൾ ഓർത്തിരിക്കണം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഒന്ന് | അഹദ് | اَ حَ دْ | اَحَدْ |

ഇനി **അഹ്മർ** എന്ന വാക്ക് ശ്രദ്ധിക്കുക. ചുവപ്പ് എന്നാണ് അതിനർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ചുവപ്പ് | അഹ്മർ | اَ حْ مَ رْ | اَحْمَرْ |

ഇനി **അലീം** എന്ന വാക്ക് പഠിക്കുക. കഠിനവേദനയുള്ള എന്നർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| കഠിനവേദനയുള്ള | അലീം | اَ لِ ي مْ | اَلِيمْ |

ഇനി **ബറകാത്ത്** എന്ന വാക്ക് ശ്രദ്ധിക്കുക.. അനുഗ്രഹങ്ങൾ എന്നർഥം.
(അ എന്ന അക്ഷരത്തോട് അതിന് ശേഷം വരുന്ന ഒരക്ഷരവും കൂട്ടി എഴുതുകയില്ല.)



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| അനുഗ്രഹങ്ങൾ | ബറകാത്ത് | بَ رَ كَ ا تْ | بَرَكَاتْ |

ഇനി **ബസ്വീർ** എന്ന വാക്ക് ശ്രദ്ധിക്കുക.. കാണുന്നവൻ എന്നർഥം.
(റ എന്ന അക്ഷരത്തോട് അതിന് ശേഷം വരുന്ന ഒരക്ഷരവും കൂട്ടി എഴുതുകയില്ല.)



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| കാണുന്നവൻ | ബസ്വീർ | بَ صِ ي رْ | بَصِيرْ |

അക്ഷരങ്ങൾ കൂട്ടി എഴുതാനാണ് ഇനി മുതൽ ശ്രദ്ധിക്കേണ്ടത്. കോളത്തിനു പുറത്ത് ആരോ മാർക്കിട്ട് എഴുതിയത് എഴുത്ത് വേഗം ഹൃദിസ്തമാക്കുവാനാണ്. അത് നോക്കി എഴുതി ശീലിക്കുക.

### പരിശീലനം

1. താഴെ പറയുന്ന വാക്കുകൾ സ്വന്തമായി എഴുതുക. കൂട്ടിയെഴുതാനാണ് ശ്രദ്ധിക്കേണ്ടത്.

അസ്വീൽ, റഹീം, ഹമ്മാദ്, മുരീബ്

ഉത്തരം:

أصيل رَحيم حَمّاد مُريب